## പതിമൂന്നാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 941 — 10.02.2016 ന് മറുപടിയ്ക്ക്.

## ഐ.ടി.ഐ.കളുടെ പ്രവർത്തനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.സാജു പോൾ : | ശ്രീ. ഷിബു ബേബിജോൺ<br>(തൊഴിലും നൈപുണ്യവും വകുപ്പ് മന്ത്രി) |
| (എ) ഐ.ടി.ഐ.കളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; | (എ) ഉണ്ട്. ഐ.ടി.ഐ. കളുടെ പ്രവർത്തനം പരിശോധിക്കുന്നതിനായി ഐ.ടി.ഐ. കളെ ജില്ലാടിസ്ഥാനത്തിൽ 5 മേഖലകളായി തിരിച്ച് 5 ഇൻസ്പെക്ടർ ഓഫ് ട്രെയിനിംഗ് മാരെ നിയോഗിച്ചിട്ടുണ്ട്. ടി ഉദ്യോഗസ്ഥർ അവരവരുടെ അധികാര പരിധിയിൻ കീഴിൽ വരുന്ന ഐ.ടി.ഐ. കളിൽ പരിശോധന നടത്തി റിപ്പോർട്ട് നൽകുകയും അതനുസരിച്ചുള്ള തുടർ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. |
| (ബി) സംസ്ഥാനത്ത് ആകെ എത്ര സർക്കാർ ഐ.ടി.ഐ.കൾ ഉണ്ടെന്ന് ജില്ല തിരിച്ച് അറിയിക്കുമോ; | (ബി) സംസ്ഥാനത്ത് നിലവിലുള്ള സർക്കാർ ഐ.ടി.ഐ. കളുടെ ജില്ല തിരിച്ചുള്ള എണ്ണം ചുവടെ ചേർക്കുന്നു. |

| ക്രമ നം. | ജില്ല | സർക്കാർ ഐ.ടി.ഐ. കളുടെ എണ്ണം |
|---|---|---|
| 1 | തിരുവനന്തപുരം | 7 |
| 2 | കൊല്ലം | 6 |
| 3 | പത്തനംതിട്ട | 3 |
| 4 | ആലപ്പുഴ | 6 |
| 5 | കോട്ടയം | 5 |
| 6 | ഇടുക്കി | 3 |
| 7 | എറണാകുളം | 6 |
| 8 | തൃശ്ശൂർ | 7 |
| 9 | പാലക്കാട് | 8 |
| 10 | മലപ്പുറം | 6 |
| 11 | കോഴിക്കോട് | 10 |
| 12 | വയനാട് | 2 |
| 13 | കണ്ണൂർ | 7 |
| 14 | കാസർഗോഡ് | 6 |
| | ആകെ | 82 |

(സി) ഈ സർക്കാരിന്റെ കാലത്ത് എത്ര സർക്കാർ ഐ.ടി.ഐ.കൾ അനുവദിച്ചിട്ടുണ്ടെന്ന് ജില്ല തിരിച്ച് അറിയിക്കുമോ;

(സി) ഈ സർക്കാരിന്റെ കാലത്ത് പുതുതായി 13 ഐ.ടി.ഐ. കൾ ആരംഭിക്കുന്നതിനായി ഭരണാനുമതി ലഭിച്ചിട്ടുണ്ട്. ആയതിൽ 10 എണ്ണം പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ജില്ല തിരിച്ച കണക്ക് ചുവടെ ചേർക്കുന്നു.

| ക്രമ നം. | ജില്ല | എണ്ണം |
|---|---|---|
| 1 | കൊല്ലം | 1 (പ്രവർത്തനം ആരംഭിച്ചിട്ടില്ല) |
| 2 | ആലപ്പുഴ | 1 |
| 3 | കോട്ടയം | 1 |
| 4 | ഇടുക്കി | 1 |
| 5 | പാലക്കാട് | 2 |
| 6 | മലപ്പുറം | 2 (1 ഐ.ടി.ഐ. പ്രവർത്തനം ആരംഭിച്ചിട്ടില്ല) |
| 7 | കോഴിക്കോട് | 2 |
| 8 | വയനാട് | 1 (ഐ.ടി.ഐ. പ്രവർത്തനം ആരംഭിച്ചിട്ടില്ല) |
| 9 | കണ്ണൂർ | 1 |
| 10 | കാസർഗോഡ് | 1 |

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ഓരോ വർഷവും എത്ര പേർക്ക് പഠനത്തിന് സർക്കാർ ഐ.ടി.ഐ.കളിൽ പ്രവേശനം നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഓരോ വർഷവും സർക്കാർ ഐ.ടി.ഐ. കളിൽ പ്രവേശനം നൽകിയ ട്രെയിനികളുടെ എണ്ണം ചുവടെ ചേർക്കുന്നു.

| ക്രമ നം. | വർഷം | പ്രവേശനം നൽകിയ ട്രെയിനികളുടെ എണ്ണം |
|---|---|---|
| 1 | 2010 | 15114 |
| 2 | 2011 | 15717 |
| 3 | 2012 | 15520 |
| 4 | 2013 | 16841 |
| 5 | 2014 | 16482 |
| 6 | 2015 | 17102 |

(ഇ) സ്വന്തമായി ഭൂമിയും കെട്ടിടവും ഇല്ലാത്ത എത്ര ഐ.ടി.ഐ.കൾ സർക്കാർ മേഖലയിലുണ്ടെന്ന് വ്യക്തമാക്കാമോ; ഇവയ്ക്ക് സ്ഥലവും കെട്ടിടവും അനുവദിക്കാൻ നടപടി സ്വീകരിക്കുമോ; വിശദാംശം നൽകാമോ?

(ഇ) നിലവിൽ സ്വന്തമായി കെട്ടിടവും സ്ഥലവും ഇല്ലാത്ത 16 ഐ.ടി.ഐ. കൾ സർക്കാർ മേഖലയിൽ വ്യാവസായിക പരിശീലന വകുപ്പിന്റെ കീഴിലുണ്ട്. ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സൗജന്യമായി സ്ഥലം ലഭ്യമാക്കണമെന്ന നിബന്ധനയിലാണ് ഐ.ടി.ഐ. കൾ അനുവദിച്ചിട്ടുള്ളത്. ഐ.ടി.ഐ. സ്ഥാപിക്കുന്നതിന് പര്യാപ്തമായ സ്ഥലം അടിയന്തരമായി ലഭ്യമാക്കാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളോട് ആവശ്യപ്പെട്ടിട്ടുണ്ട്.

സെക്ഷൻ ഓഫീസർ